# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **200** — **13.02.2013**- ലെ മറുപടിക്ക്

## അർബൻ സഹകരണ ബാങ്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി :<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. പി.ബി. അബ്ദുൾ റസാക് :<br>ശ്രീ. എം. ഉമ്മർ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) അർബൻ സഹകരണ ബാങ്കുകൾ കൂട്ടത്തോടെ നഷ്ടത്തിലേയ്ക്ക് നീങ്ങാൻ ഇടയാക്കിയ സാഹചര്യങ്ങളും കാരണങ്ങളും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) ഉണ്ട്. സംസ്ഥാനത്ത് ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന 60 അർബൻ സഹകരണ ബാങ്കുകളാണ് പ്രവർത്തിച്ചു വരുന്നത്. 31.03.2012-ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ഇവയിൽ 14 എണ്ണം നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്നു. അർബൻ സഹകരണ ബാങ്കുകൾ കൂട്ടത്തോടെ നഷ്ടത്തിലേയ്ക്ക് പോകുന്ന ഒരു സ്ഥിതി വിശേഷം നിലവിലില്ല. ഓഹരി മൂലധനത്തിന്റെ ലഭ്യതക്കുറവ്, നിഷ്ക്രിയ ആസ്തി വർദ്ധിച്ചു വരുന്ന പ്രവണത, പ്രൊഫഷണൽ മാനേജ്മെന്റിന്റെ അഭാവം, വർദ്ധിച്ചു വരുന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവ്, നിഷ്ക്രിയ ആസ്തി കണക്കാക്കുന്നതിലും കരുതൽ വെയ്ക്കുന്നതിനും റിസർവ്വ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം, സാങ്കേതിക വൈദഗ്ദ്ധ്യം, ആധുനികവൽക്കരണം എന്നിവയുടെ അഭാവം എന്നിവയാണ് അർബൻ ബാങ്കുകളുടെ നഷ്ടത്തിനിടയാക്കിയിട്ടുള്ള പ്രധാന കാരണങ്ങൾ എന്ന് വിലയിരുത്തിയിട്ടുള്ളത്. |

| | |
|---|---|
| ബി) സഹകാരികളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി രൂപീകൃതമായ ഇത്തരം സ്ഥാപനങ്ങൾ സഹകാരികൾക്കും സംസ്ഥാനത്തിനും ബാധ്യതയാകുന്ന അവസ്ഥയിലേയ്ക്ക് നീങ്ങുന്നത് ഗൗരവ പൂർവ്വം കണ്ട്, അടിയന്തിര നടപടി സ്വീകരിക്കുമോ; | ബി) അർബൻ സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് റിസർവ്വ് ബാങ്ക് തയ്യാറാക്കിയ വിഷൻ ഡോക്കുമെന്റ് നടപ്പാക്കുന്നതിന് റിസർവ്വ് ബാങ്കും സംസ്ഥാന സർക്കാരുമായി ഒപ്പു വെച്ച ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല ടാസ്ക് ഫോഴ്സ് യോഗം ചേർന്ന് ഓരോ അർബൻ ബാങ്കിന്റേയും പ്രവർത്തനം വിലയിരുത്തി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ എല്ലാ അർബൻ ബാങ്കുകൾക്കും റിസർവ്വ് ബാങ്ക് ലൈസൻസ് ലഭിക്കുകയും, ബാങ്കുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് ബ്രാഞ്ചുകൾ അനുവദിക്കുന്നതിനുള്ള തടസ്സം നീക്കുകയും ചെയ്തിട്ടുണ്ട്. ബാങ്കിംഗ് പരിചയമുള്ളവരെ ഭരണ സമിതിയിൽ ഉൾപ്പെടുത്തുക, ചീഫ് എക്സിക്യൂട്ടീവിന്റെ യോഗ്യത നിശ്ചയിച്ചുകൊണ്ട് നിയമത്തിലും, ചട്ടത്തിലും ഭേദഗതി വരുത്തുക, മൂലധന പര്യാപ്തതയിൽ നിശ്ചിത നിലവാരമില്ലാത്ത അർബൻ സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി മൂലധനം അനുവദിക്കുക, അർബൻ ബാങ്കുകൾക്ക് കുടിശ്ശിക പിരിക്കുന്നതിന് ആർബിട്രേഷൻ നിയമ ഗഹാൻ ബാധകമാക്കുക തുടങ്ങിയ നടപടികളിലൂടെ അർബൻ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. അർബൻ സഹകരണ ബാങ്കുകളുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം |

നേരിടാതിരിക്കുന്നതിനും, കൂടുതൽ ശ്രദ്ധ അർബൻ ബാങ്കുകൾക്ക് നൽകുന്നതിനും ജില്ലാതലത്തിൽ അർബൻ ബാങ്കുകളുടെ യോഗം കൂടി പ്രവർത്തനം വിലയിരുത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാനും ആവശ്യമായ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സി) ഏറ്റവും ഒടുവിലെ ആഡിറ്റ് പ്രകാരം എത്ര ബാങ്കുകളാണ് നഷ്ടത്തിലായിട്ടുള്ളത്; അതിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് വിശദമാക്കുമോ?

സി) ഏറ്റവും ഒടുവിലെ ആഡിറ്റ് പ്രകാരം നഷ്ടത്തിലായ 14 അർബൻ ബാങ്കുകളുടെ വിവരം താഴെ പറയുന്നു.

| | തുക (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം സഹകരണ അർബൻ ബാങ്ക് | 189.99 |
| അനന്തശയനം സഹകരണ ബാങ്ക് | 88.93 |
| കരമന സഹകരണ അർബൻ ബാങ്ക് | 110.52 |
| അടൂർ സഹകരണ അർബൻ ബാങ്ക് | 75.40 |
| തിരുവല്ല അർബൻ സഹകരണ ബാങ്ക് | 1.25 |
| വൈക്കം അർബൻ സഹകരണ ബാങ്ക് | 5.42 |
| ചങ്ങനാശ്ശേരി അർബൻ സഹകരണ ബാങ്ക് | 20.57 |
| കട്ടപ്പന അർബൻ സഹകരണ ബാങ്ക് | 20.90 |
| ഗുരുവായൂർ അർബൻ സഹകരണ ബാങ്ക് | 380.39 |
| നെന്മാറ സഹകരണ അർബൻ ബാങ്ക് | 6.76 |
| താനൂർ അർബൻ സഹകരണ ബാങ്ക് | 48.95 |
| ബാലുശ്ശേരി സഹകരണ അർബൻ ബാങ്ക് | 22.09 |
| കേരള മർക്കന്റയിൽ കോ-ഓപ്പറേറ്റീവ് ബാങ്ക് | 19.13 |
| തലശ്ശേരി സഹകരണ അർബൻ ബാങ്ക് | 6.01 |

സെക്ഷൻ ഓഫീസർ